**എതിർപക്ഷത്ത് കൊക്കക്കോള കമ്പനിയും ചുരുക്കം ചിലരും മാത്രമായിട്ടും പത്തുവർഷത്തിന് ശേഷവും പ്ലാച്ചിമടയ്ക്ക് നീതി ലഭിക്കാത്തത് എന്തുകൊണ്ടാണെന്നും സംസ്ഥാന നിയമസഭയുടെ തീരുമാനത്തെ ചോദ്യം ചെയ്യാൻ കമ്പനി ധൈര്യപ്പെടുന്നത് എന്തുകൊണ്ടാണെന്നും വിലയിരുത്തുന്നു വിജയരാഘൻ ചേലിയ**

# നിങ്ങൾ കൊക്കക്കോളയെ എന്തുചെയ്തു?



**പ്ലാച്ചിമട** കാണാത്തവൻ മാട് എന്നൊരു ചൊല്ലിന് ഇപ്പോഴും സംഗത്യമുണ്ട്. നാഴികയ്ക്കു നാൽപ്പതുവട്ടം സാമ്രാജ്യത്വ വിരോധം മുഴങ്ങുന്ന കൊച്ചു കേരളത്തിൽ പ്ലാച്ചിമടയെന്നു കേൾക്കാത്തവരുണ്ടെങ്കിൽ തീർച്ചയായും അവർ ബധിരരായിരക്കണം. അത്രയ്ക്കു കേൾവികേട്ട ഈ സമരത്തെ പ്രാദേശിക പ്രതിഭാസമെന്നും അമേരിക്ക എന്നും കേട്ടാൽ കലിയിളകുന്ന ഇന്ദ്രപ്രസ്ഥത്തിലെ ഏതോ എൻജിഒയുടെ കുത്തിത്തിരുപ്പാണെന്നും സായിപ്പിനെ കണ്ടപ്പോൾ കവാത്തു മറന്നുപോയ ഒരു പാവത്താൻ പറഞ്ഞതായി വിക്കിലീക്സ്.

കൊക്കക്കോള ഇവിടെയ്ക്കു വലിഞ്ഞു കേറിവന്നതല്ല. മുഖ്യമന്ത്രിയായിരുന്ന നായനാരും വ്യവസായ മന്ത്രിയായിരുന്ന സുശീലാ ഗോപാലനും  എഴാം കടലനിക്കരെ പോയി ക്ഷണിച്ചുകൊണ്ടു വന്നതാണ്. ഇടത്തും വലത്തും അണിനിരന്ന കൊമ്പന്മാരും താലപ്പൊലിയേന്തിയ തൊഴിലാളി നേതാക്കളും ചേർന്നാണ് പ്ലാച്ചിമടയിൽ വികസനത്തെ വരവേറ്റത്. കൊക്കക്കോളയുടെ മധുവിധുകാലം 2000 മുതൽ 2002 വരെ മാത്രം. 2002ൽ കുടിക്കാനും, കുളിക്കാനും, നനയ്ക്കാനും പറ്റാത്തവിധം പ്ലാച്ചിമടയിലെ വെള്ളം വിഷമയമായി. പ്രതിഷേധ ശബ്ദം ആദ്യമായി തദ്ദേശീയരായ ആദിവാസികൾക്കിടയിൽ മുഴക്കിയത് അവരുടെ സംഘടനകൾതന്നെ. തികച്ചും പ്രാദേശികം. കൃഷിഭൂമി മലിനപ്പെട്ടപ്പോൾ കർഷകർ സംഘടിച്ചതും പ്രാദേശികം. പ്ലാച്ചിമടയുടെ അടക്കിപ്പിടിച്ച തേങ്ങൽ നിലവിളിയായുർന്നപ്പോൾ നീതിബോധമുള്ള പരദേശികൾ അവരോടുചേർന്നു.  രാഷ്ട്രീയപാർട്ടികളും സകലമാന തൊഴിലാളി സംഘടനകളും, മാനേജ്മെന്റിന്റെ കങ്കാണികളായി വികസന വിരുദ്ധരെ നേരിട്ടു. പതിവുപോലെ നവസാമൂഹ്യപ്രസ്ഥാനങ്ങളും പരിസ്ഥിതി വാദികളും പൗരസമൂഹവുമാണ് വിളി ആദ്യം കേട്ടത്. ജനപിന്തുണ വർദ്ധിച്ചപ്പോൾ കോർപ്പറേറ്റ് ഭീമന്റെ ഇടത്തും വലത്തും 'ബ്ലാക്ക് ക്യാറ്റുകളെ പോലെ' സംരക്ഷണം നൽകിവന്ന രാഷ്ട്രീയ നേതാക്കൾക്കും അടിതെറ്റി. ഇന്ന് പ്ലാച്ചിമട സമരത്തിന്റെ പിതൃത്വം അവകാശപ്പെടുന്നവരും പ്രതിഫലം വോട്ടായി ചോദിക്കുന്നവരും ആർക്കുവേണ്ടി, എന്തിനുവേണ്ടി ആയിരുന്നു കോളയെ കൊണ്ടുവന്നത്?

ധീരമായ നിലപാടെടുത്തുകൊണ്ട്, വൈകിയാണങ്കിലും, പെരുമാട്ടി പഞ്ചായത്ത് കോളയ്ക്കെതിരെ നീങ്ങി. കേന്ദ്രവും സംസ്ഥാനവും കോർപ്പറേറ്റ് കമ്പനിയുടെ വിനീത വിധേയരായിക്കെ ഒരു പ്രാദേശിക ഭരണകൂടം ചെറുത്തു നിന്നതുവാർത്തയായി. വാർത്തകൾ പെരുമഴയായപ്പോൾ പ്ലാച്ചിമട ഒരു തീർത്ഥാടന കേന്ദ്രമായി. ഭരണ

പക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും ഒറ്റയാന്മാരെത്തി 'വ്യക്തിപരമായ' പിന്തുണ പ്രഖ്യാപിച്ചു. എങ്കിലും കേരളത്തിലെ പ്രമുഖകക്ഷികളായ സി.പി.എമ്മും കോൺഗ്രസ്സും ഇന്നുവരെ അവരുടെ ഔദ്യോഗിക നിലപാട് പ്രഖ്യാപിച്ചിട്ടില്ല. അല്ലെങ്കിൽ പെപ്സികോള ഇതേകുറ്റം ചെയ്തു കൊണ്ട് പുതുശ്ശേരിയിൽ (പെരുമാട്ടിയുടെ അടുത്ത പഞ്ചായത്ത്) തുടരുമോ? രണ്ട് പാർട്ടികളുടെയും പാർലമെന്ററി നേതാക്കളും യൂത്ത് നേതാക്കളും ഇടതടവില്ലാതെ പ്ലാച്ചിമടയിൽ വരുന്നു. എന്നാൽ കെ.പി.സി.സി പ്രസിഡണ്ട് രമേശ് ചെന്നിത്തലയും സി.പി.എം സെക്രട്ടറി പിണറായി വിജയനും ഇതുവരെ ഈ സമര ഭൂമിയിൽ എത്തിയില്ല എന്നത് കേവലം യാദൃശ്ചികതയല്ല. ഇതുതന്നെയാണ് കമ്പനിയുടെ ധൈര്യവും. പത്തുവർഷങ്ങൾക്കിപ്പുറത്തുനിന്നു നോക്കുമ്പോൾ എതിർപക്ഷത്ത് കൊക്കക്കോള കമ്പനിയും ചുരുക്കം ചിലരും മാത്രം. എന്നിട്ടും പ്ലാച്ചിമടയ്ക്കു നീതി വൈകുന്നു. കമ്പനിക്കുവേണ്ടി പരസ്യമായി വക്കാലത്തുപറഞ്ഞ വ്യവസായ വകുപ്പു സെക്രട്ടറി അതേസ്ഥാനത്തു അടുത്ത ഗവൺമെന്റുവരുമ്പോഴും തുടരുന്നു. ഒരു ജനതയുടെ കുടിവെള്ളം മലിനമാക്കിയ കോളയ്ക്ക് ജില്ലാ ആശുപത്രിയിൽ കുടിവെള്ളം വിതരണം ചെയ്യാനുള്ള അനുമതി കൊടുക്കുന്നു.

ആദ്യം പഞ്ചായത്തിനെ അനുസരിക്കാൻ കൂട്ടാക്കാതിരുന്ന കമ്പനി ഇപ്പോൾ സംസ്ഥാന നിയമസഭയുടെ തീരുമാനത്തെയും ചോദ്യം ചെയ്യുന്നു. പ്ലാച്ചിമടയിലെ ജനങ്ങൾക്ക് കമ്പനിമൂലമുണ്ടായ നാശനഷ്ടങ്ങൾക്കു പരിഹാരം ചെയ്യേണ്ടത് കമ്പനിതന്നെയാണെന്ന് സംസ്ഥാന സർക്കാർ നിയോഗിച്ച ഉന്നതാധികാര സമിതി കണ്ടെത്തിയതാണ്. അതിനായാണ് പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂബണൽ ബിൽ കേരള നിയമസഭ പാസ്സാക്കിയതും രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചതും. എന്നാൽ നാളിതുവരെ ഇക്കാര്യത്തിൽ തീരുമാനമായില്ല. നീതി വൈകുന്നത് നീതിനിഷേധത്തിനു തുല്യമാണെന്നാണ് വിവക്ഷ. എന്നാൽ നഷ്ടപരിഹാരം നൽകുന്നത് ആഗോളതലത്തിൽ തങ്ങൾക്കുതിരിച്ചടിയാകുന്നമെന്നതുകൊണ്ട് ലോബിയിങ്ങിലൂടെ ബിൽ അട്ടിമറിക്കാനാണ് കമ്പനിയുടെ നീക്കം. ഈ പശ്ചാത്തലത്തിലാണ് പ്ലാച്ചിമട സമരസമിതിയും ഐക്യദാർഢ്യസമിതിയും 2011 ഒക്ടോബർ 23ന് പ്ലാച്ചിമടയിൽ സമരകൺവെൻഷൻ സംഘടിപ്പിച്ചതും തുടർന്നും നീതി നിഷേധിക്കാനാണു നീക്കമെങ്കിൽ കമ്പനിഭൂമി ജനങ്ങളുടെ പരമമായ അധികാരം ഉപയോഗിച്ച് തിരിച്ചെടുക്കുമെന്നും വിപണിയിൽ കോളയെ തടയുമെന്നും പ്രഖ്യാപിച്ചത്.

# പ്ലാച്ചിമടയിൽ നിന്നും വാൾസ്ട്രീറ്റിലേക്കു നോക്കുമ്പോൾ

**വിജയരാഘൻ ചേലിയ**

**അമേരിക്കയിലേയും** യൂറോപ്പിലേയും തെരുവു പ്രക്ഷോഭങ്ങളെ പ്ലാച്ചിമട സമരവുമായി കൂട്ടിവായിക്കേണ്ടതുണ്ട്. ഉത്പാദനം വർധിക്കുമ്പോഴും ഉത്പാദനത്തിലെ തൊഴിൽ പങ്കാളിത്തം കുറയുന്നു. ആയിരം കുടിലുകളിലൂടെ ഒരു ദിവസം ഉത്പാദിപ്പിക്കപ്പെടുന്ന ശീതളപാനീയം ഉണ്ടാക്കാൻ കൊക്കക്കോളയ്ക്ക് ഒന്നോ രണ്ടോ മണിക്കൂർ മതി. ദിവസം അഞ്ച് ലക്ഷം ലിറ്റർ ശീതള പാനീയം ഉത്പാദിപ്പിക്കാനുള്ള ശേഷി പ്ലാച്ചിമട പ്ലാന്റിനുണ്ട്. 200 മില്ലിലിറ്റർ കുപ്പിയിൽ നിറച്ചാൽ 25 ലക്ഷം കുപ്പിവെള്ളം. ഒരു കുടുംബ യൂണിറ്റിൽനിന്ന് പരമാവധി ഒരു ദിവസം 1000 കുപ്പിസോഡയുണ്ടാക്കാനേ കഴിയൂ. അതായത് 2500 കുടുംബങ്ങളെ കോളക്കമ്പനിയുടെ ഒരു പ്ലാന്റ് ജീവിതത്തിൽ നിന്നും പറിച്ചെറിയുന്നു. ഇത്രയും ഉത്പാദന ശേഷിയുള്ള ഒരു കമ്പനി കേവലം 250 പേർക്കാണ് തൊഴിൽ നൽകുന്നത്. കൂടാതെ വൻമൂലധന നിക്ഷേപവും പരിസ്ഥിതി ചൂഷണവും ഉണ്ടാകുന്നു.

ഈ രീതിയിലുള്ള ഉദ്പാദന സമ്പ്രദായത്തിലൂടെ രാജ്യത്തെ മുഴുവൻ പേർക്കും തൊഴിൽ നൽകണമെങ്കിൽ ആളോഹരി മൂലധനം എത്രവേണമെന്നാലോചിക്കുക ഇങ്ങനെ തൊഴിൽ നഷ്ടപ്പെടുന്നതുമൂലം പാർശ്വവത്ക്കരിക്കപ്പെടുന്നവരാണ് തെരുവ് പ്രക്ഷോഭകരായി വാൾസ്ട്രീറ്റിൽ രംഗത്തെത്തിയിരിക്കുന്നത്. കുറഞ്ഞ കൂലിയിൽ തൊഴിലാളികളെ കിട്ടുന്ന ദരിദ്ര രാഷ്ട്രങ്ങളിൽ നിന്ന് ഉല്പാദനം നടത്തി രാജ്യാന്തര വിപണികളിൽ വിൽക്കുന്ന കമ്പനികൾ സ്വന്തം രാജ്യത്തെ സാമ്പത്തിക വരുമാനം വർധിപ്പിക്കുമെങ്കിലും ജനങ്ങളുടെ വാങ്ങൽ ശേഷി വർധിപ്പിക്കുകയില്ല. അത് തീർച്ചയായും ഉത്പാദനത്തിലെ പങ്കാളിത്തത്തിലൂടെയോ സാധ്യമാവുകയുള്ളു. മുതലാളിത്തമെന്നോ കമ്മ്യൂണിസമെന്നോ സോഷ്യലിസമെന്നോ എന്നതല്ല ഉത്പാദനം വൻകിടയോ, ചെറുകിടയോ എന്നതാണ് പ്രധാനം. സാങ്കേതിക വിദ്യയുടെ രാഷ്ട്രീയമാണ് മുഖ്യം. വാൾസ്ട്രീറ്റ് സമരങ്ങളുടെ അടിസ്ഥാന രാഷ്ട്രീയമിതാണ്. ആധുനിക നാഗരികത പിൻപറ്റുന്ന ഒരു രാഷ്ട്രവും സ്വന്തം ആന്തരിക ഊർജ്ജം കൊണ്ടല്ല അതിജീവിക്കുന്നത്. മുമ്പ് പ്രത്യക്ഷ കോളനീകരണത്തിലൂടെയും ഇന്ന് നവകോളനീകരണത്തിലൂടെയും ലഭ്യമാകുന്ന ബാഹ്യഊർജ്ജത്താലാണ്. ഈ ബാഹ്യഊർജ്ജത്തിന്റെ വരവുകുറയുമ്പോൾ സ്വാഭാവികമായുണ്ടാകുന്ന പ്രതിസന്ധികളാണ് ഇന്ന് വികസിത രാജ്യങ്ങൾ നേരിടുന്നത്.

നമ്മുടെ മുതലാളിമാർക്ക് കുറച്ചുനാൾകൂടി കാലത്തെ അതിജീവിക്കാനായേക്കും. ആഭ്യന്തരമായി കോളനികളെ സൃഷ്ടിക്കാൻ കഴിയുന്നതുകൊണ്ടാണത്. ഓരോ ദേശവും ഓരോ സമൂഹവും സ്വാശ്രയ മുദ്രവാക്യങ്ങളുമായി അധിനിവേശത്തെ ചെറുക്കാൻ തുടങ്ങുമ്പോൾ പ്രതിസന്ധികൾ ഇവിടെയുമുണ്ടാകും. കോളകൾക്കെതിരെയുള്ള സമരങ്ങൾ വാൾസ്ട്രീറ്റ് പ്രക്ഷോഭത്തെ ശക്തിപ്പെടുത്തുന്നത് അങ്ങനെയാണ്. തെരുവിൽ ബോർഡുകൾ വെച്ചതുകൊണ്ടോ പ്രകടനം നടത്തിയതുകൊണ്ടോ മാത്രമായില്ല. ബഹുരാഷ്ട്ര കുത്തകകളുടെ ഉത്പന്നങ്ങളെയും മൂലധനത്തെയും ബഹിഷ്കരിക്കുകയാണ് വേണ്ടത്.